(ബി) മറയൂരിൽ പൊതു ഉടമസ്ഥതയിൽ ഒരു ചന്ദനഫാക്റി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പീഡനത്തിനിരയായവർ

121 [1133] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ കാഞ്ചിനട സ്വദേശികളായ സദാശിവൻ, ഖസ്സാലി, അബ്ദുൾ അസീസ്, ബാഹുലേയൻ എന്നിവരേയും അവരുടെ കുടുംബങ്ങളേയും വനംവകുപ്പ് ഉദ്യോഗസ്ഥൻമാർ കള്ളക്കേസിൽ കുടുക്കി പീഡിപ്പിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഏതെങ്കിലും കുറ്റത്തിന് പ്രതിയാക്കിയിട്ടുള്ളവരെ ക്രൂരമായി മർദ്ദിക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെമേൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിലഭിച്ചതിനെ തുടർന്ന് തിരുവനന്തപുരം ഫ്ളൈയിംഗ് സ്കാഡ് മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരാതിയിൽ കഴമ്പില്ലെന്ന് കണ്ടെത്തി.

(സി) സ്വീകരിക്കുന്നതാണ്.

വനം വകുപ്പ് പിടികൂടുന്ന വാഹന കേസുകളിലെ തീർപ്പ്

122 [1134] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകളുമായി ബന്ധപ്പെട്ട് വനംവകുപ്പ് പിടികൂടുന്ന വാഹനങ്ങൾ വിവിധ ഓഫീസുകളിൽ കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജാമ്യത്തിൽ ഇറക്കാത്ത വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വാഹനങ്ങൾ ഇപ്രകാരം ലേലം ചെയ്തിട്ടുണ്ട് എന്നും എത്ര തുക സർക്കാരിന് ലഭിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഉത്തരം (സി)-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ

123 [1135] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബയോസ്ഫിയർ റിസർവ്വ്, ദേശീയോദ്യാനം, വന്യജീവി സങ്കേതം, ടൈഗർ റിസർവ്വ് എന്നിവയായി പ്രഖ്യാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള വനമേഖലകൾ ഏതെല്ലാമാണെന്നതിന്റെ വിശദവിവരം നൽകാമോ:

(ബി) ഇവയിൽ ഏതൊക്കെ മേഖലകളാണ് മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ സംരക്ഷണ കേന്ദ്രങ്ങളായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്; ഇവ ഓരോന്നും എത്ര സ്കയർ കി. മീറ്റർ പ്രദേശം വീതമാണ്;

(സി) പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ ഓരോ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇവ കൂടിച്ചേർന്ന് സംസ്ഥാനത്ത് ആകെ എത്ര വന്യജീവി സങ്കേതങ്ങൾ ഉണ്ടെന്നും ഈ സംരക്ഷണ കേന്ദ്രങ്ങളുടെ മാത്രം ആകെ വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നീലഗിരി ബയോസ്ഫിയർ റിസർവ്വിലുള്ള താഴെപ്പറയുന്ന വനപ്രദേശങ്ങൾ ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ മതികെട്ടാൻചോല നാഷണൽ പാർക്കായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(1) മതികെട്ടാൻ ചോല നാഷണൽ പാർക്ക് :

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ വില്ലേജിലെ 1281.7419 ഹെക്ടർ വനഭൂമി ദേശീയോദ്യാനമായി [സ. ഉ. (എംഎസ്.) 50/03/വനം, തീയതി 10-10-2003] പ്രഖ്യാപിച്ചിട്ടുണ്ട്.

(2) ആനമുടി ചോല നാഷണൽ പാർക്ക് :

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിൽ 750 ഹെക്ടർ വനഭൂമി ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ വിജ്ഞാപനം നം. 12876/എഫ്. 2/03/വനം, തീയതി 14-12-2003) (അനുബന്ധം II).

(3) പാമ്പാടും ചോല നാഷണൽ പാർക്ക്:

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിൽ 131.80 ഹെക്ടർ വനഭൂമി ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ വിജ്ഞാപനം നം. 12875/എഫ് 2/03/വനം, തീയതി 14-12-2003) (അനുബന്ധം III).

LIBRARY ARCHIVES Kerala Legislative Assembly